# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3561 — 12.05.2017 -ൽ മറുപടിക്ക്

## കരിയർ ഡവലപ്മെന്റ് സെന്ററുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. സ്വരാജ് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്ത കരിയർ ഡവലപ്മെന്റ് സെന്ററുകളുടെ സേവനം വിപുലീകരിക്കുന്നതിനും കൂടുതൽ കരിയർ ഡവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ (സി.ഡി.സി) കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, എന്നിവിടങ്ങളിൽ സി.ഡി.സി. യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ സി.ഡി.സി. ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടുതൽ സി.ഡി.സി.കൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ